പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 277 | 26.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതാ കമ്മീഷന്റെ വിവാഹപൂർവ്വ കൗൺസിലിംഗ്** | |
| ചോദ്യം | ഉത്തരം |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, ഐ.സി.ബാലകൃഷ്ണൻ | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവാഹമോചനങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊള്ളുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. കുടുംബപ്രശ്നങ്ങളാണ് മിക്കപ്പോഴും വിവാഹമോചനത്തിലെത്തുന്നത് എന്നതിനാൽ ഇതൊഴിവാക്കാൻ കേരള വനിതാ കമ്മീഷൻ ദമ്പതികൾക്ക് ഫാമിലി കൗൺസിലിംഗ് നൽകുന്നുണ്ട്. കൗൺസിലിംഗ് കൂടുതൽ ഫലപ്രദമാകുന്നതിന് രണ്ട് പാർട്ട്ടൈം കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (സി) വനിതാ കമ്മീഷന്റെ വിവാഹപൂർവ്വ കൗൺസിലിംഗ് സംവിധാനം ഫലപ്രദമാണോ; | (സി) അതെ. |
| (ഡി) കൗൺസിലിംഗ് നിർബന്ധമാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;വിശദാംശം നൽകുമോ? | (ഡി) കൗൺസിലിംഗ് കൂടുതൽ ഫലപ്രദമാക്കുന്നതിന് Module പരിഷ്കരിക്കുന്നതിനും കൗൺസിലിംഗിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ ശേഖരിക്കുവാനും തുടർ നടപടി സംവിധാനം ശക്തിപ്പെടുത്താനുമുള്ള നടപടികൾ ആലോചിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ